II. 26 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5x3 = 15 )

26. ഇന്ത്യയുടെ ഭാഷാബഹുസ്വരത

27 മലയാളം വൈജ്ഞാനികഭാഷ എന്ന നിലയിൽ

28. മാതൃഭാഷയും പ്രാഥമികവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചർച്ച ചെയ്യുക

29. മലയാളത്തിന്റെ വൈജ്ഞാനികനിർമ്മിതിയിൽ മലയാളസർവകലാശാലയുടെ പ്രസക്തി

30. നിങ്ങൾക്കറിയാവുന്ന ഭാഷാഭേദം മലയാളത്തിൽ നിന്ന് വ്യത്യാസപ്പെടുന്നുണ്ടോ എന്ന് ചർച്ച ചെയ്യുക?

31. നവമാധ്യമലോകത്തെ മലയാളം

32. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക. (5x1 = 5 )

കേരളസർക്കാറിന്റെ 2012 ലെ ഉത്തരവിലൂടെയാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല സ്ഥാപിതമായത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2013 ഏപ്രിലിൽ രൂപമെടുത്ത തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ആക്ട് നിലവിൽ വന്നു. 2012 നവംബർ ഒന്നിനാണ് സർവകലാശാല സാക്ഷാൽക്കരിക്കപ്പെട്ടത്. മാതൃഭാഷാഭിമാനം വളർത്താനും മലയാളി സമൂഹത്തിനിടയിൽ നിരവധി പഠനങ്ങൾ നിർവഹിക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ഈ സർവകലാശാല സ്ഥാപിച്ചിട്ടുള്ളത്.മലയാളഭാഷാമാധ്യമത്തിലൂടെ ബിരുദാനന്തരബിരുദകോഴ്സുകളും ഗവേഷണകോഴ്സുകളും നിർവഹിക്കാനുള്ള സൗകര്യമാണ് സർവകലാശാല ഒരുക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക - ബൗദ്ധികപാരമ്പര്യത്തിന് ഊന്നൽ നൽകിയാണ് മേൽപ്പറഞ്ഞ കോഴ്സുകൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ ഭാഷ, സാഹിത്യം, കലകൾ, മറ്റ് സാംസ്കാരികാവിഷ്കാരങ്ങൾ, ബൗദ്ധികപാരമ്പര്യം ആഴത്തിലുള്ള ജനജീവിതം എന്നിവയിലൂന്നിയുള്ള പഠനത്തിനായി സമർപ്പിക്കപ്പെട്ട സ്ഥാപനമാണ് മലയാളസർവകലാശാല.

33 മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക. (5x1 = 5 )

**Language: The Bridge of Human Connection**

Language is one of the most powerful tools that humanity possesses. It serves as a bridge that connects individuals, cultures, and generations. Through language, we express our thoughts, share our emotions, and pass down knowledge. It shapes the way we think and influences how we perceive the world around us. There are thousands of languages spoken across the globe, each with its own unique structure, sound, and cultural significance. Some are widely spoken, while others are endangered and spoken by only a few. Yet, every language carries the essence of the people who speak it—their history, values, and worldview. Language is not limited to spoken or written words. It includes gestures, facial expressions, and even silence. In essence, language is more than just a means of communication—it is the foundation of human society, a symbol of identity, and a reflection of our shared humanity.

--***--

തുഞ്ചത്തെഴുത്തച്ഛൻ

മലയാളസർവകലാശാല

# എം. എ പ്രവേശനപരീക്ഷ - 2025

## ഭാഷാശാസ്ത്രം

**കോഴ്സ് കോഡ് : MUE 25 LIN - 01**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നത് ഉൾപ്പടെ എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കരുത്.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിൽ നിർദ്ദിഷ്ടസ്ഥാനത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.
9. രണ്ടു മണിക്കൂർ കഴിയുമ്പോൾ രണ്ടാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

I. 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തെരഞ്ഞെടുത്തെഴുതുക (01 x 25= 25)

1. "അനുച്ഛേദം" എന്നതിന് തുല്യമായ മലയാളപദമേത്?
   a. Amendment  b. Article
   c. Constitution  d. Schedule
2. രണ്ടിലേറെ ഭാഷകൾ കൈകാര്യം ചെയ്യാനറിയാവുന്ന വ്യക്തികളുടെ കഴിവിനെ എന്തുപറയുന്നു.
   a. ദ്വിഭാഷിത്വം  b. ബഹുഭാഷിത്വം
   c. ത്രിഭാഷിത്വം  d. ഏകഭാഷിത്വം
3. മലയാളഭാഷയുടെ വാക്യഘടനാരീതി ഏത്?
   a. SVO (Subject Verb Object)  b. SOV (Subject Object Verb)
   c. VSO (Verb Subject Object)  d. OVS (Object Verb Subject)
4. താഴെ പറയുന്നവയിൽ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെട്ട ഭാഷയേത്?
   a. രാജസ്ഥാനി  b. ഉർദു
   c. ഇംഗ്ലീഷ്  d. ഇവയെല്ലാം
5. നിലവിൽ സംസാരഭാഷയല്ലാത്ത ഭാഷയ്ക്കു പറയുന്ന പേര്
   a. സമ്പുഷ്ടഭാഷ  b. ജീവൽഭാഷ
   c. മൃതഭാഷ  d. ന്യൂനപക്ഷഭാഷ
6. ദ്രാവിഡഭാഷകൾക്ക് ഉദാഹരണം എഴുതുക.
   a. ഹിന്ദി, പഞ്ചാബി  b. മുണ്ട, ഖാസി
   c. മണിപ്പൂരി, ബോഡോ  d. തുളു, തെലുഗു
7. ചരിത്രാത്മകഭാഷാശാസ്ത്രത്തിന്റെ പഠനമേഖല ഏത്?
   a. ഭാഷാസമാർജ്ജനം  b. ഭാഷാപരിണാമം
   c. സമൂഹം  d. സംസ്കാരം
8. മലയാളം ഏതു ഭാഷാകുടുംബത്തിൽപ്പെടുന്നു.
   a. ഇൻഡോആര്യൻ  b. ദ്രവീഡിയൻ
   c. ടിബറ്റോബർമൻ  d. ആസ്ട്രോഏഷ്യാറ്റിക്
9. വിദ്യുച്ഛക്തി എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ?
   a. വിദ്യു + ശക്തി  b. വിദ്യുത് + ശക്തി
   c. വിദ്യു + ചക്തി  d. വിദ്യുദ്+ ശക്തി
10. ഭാഷയും സമൂഹവും തമ്മിലുള്ള ബന്ധം പഠനവിധേയമാക്കുന്ന ഭാഷാശാസ്ത്രമേഖല ഏത്?
   a. സാമൂഹികഭാഷാശാസ്ത്രം  b. നരവംശഭാഷാശാസ്ത്രം
   c. മനോഭാഷാവിജ്ഞാനീയം  d. സോഷ്യോളജി
11. ശരിയായ പദമേത് ?
   a. ആദിഥേയൻ  b. ആതിഥേയൻ
   c. ആഥിതേയൻ  d. ആതിധേയൻ
12 ഭാഷാ സംസ്ഥാനമല്ലാത്തതേത്?
   a. പഞ്ചാബ്  b. ബംഗാൾ
   c. ജാർഖണ്ഡ്  d. ഒറീസ
13. കേരളത്തിലെ ഒരു ആദിവാസി ഭാഷ ഏത്?
   a. ഗോണ്ടി  b. കാട്ടുനായ്ക്ക
   c. ബഡഗ  d. ജരാവ
14. മാതൃഭാഷാദിനം
   a. മാർച്ച് 21  b. ഫെബ്രുവരി 21
   c. ഫെബ്രുവരി 20  d. ജൂലൈ 20



15. ഭാഷയുടെ ശബ്ദവ്യവസ്ഥയെക്കുറിച്ചുള്ള പഠനം
   a. സ്വനവിജ്ഞാനം  b. സ്വനിമവിജ്ഞാനം
   c. രൂപവിജ്ഞാനം  d. വാക്യവിജ്ഞാനം
16. ഗോവയിലെ ഔദ്യോഗികഭാഷ?
   a. ഇംഗ്ലീഷ്  b. തമിഴ്
   c. കൊങ്കണി  d. ഹിന്ദി
17. ഏതെല്ലാം സ്വനങ്ങൾ ചേർന്നതാണ് 'ഔ' എന്ന ദ്വിസ്വരം?
   a. അ + എ  b. അ + യ്
   c. അ + ഉ  d. അ + വ്
18. മലയാളത്തിലെ ഒരു അനുനാസികശബ്ദം ഏത്?
   a. ഘ  b. ണ
   c. ള  d. ഴ
19. ഇരുട്ടടി എന്ന ശൈലിയുടെ അർത്ഥം എന്ത്?
   a. ഇരുട്ടത്തുള്ള അടി  b. പ്രയോജനകരമല്ലാത്ത ഉപദ്രവം
   c. രഹസ്യമായി കൊടുക്കുന്ന ഉപദ്രവം  d. അറിയിക്കാൻ പാടില്ലാത്ത അപമാനം
20. ശബ്ദോച്ചാരണത്തിൽ നേരിട്ട് പങ്കുവഹിക്കാത്ത അവയവം ഏത് ?
   a. ശ്വാസകോശം  b. നാവ്
   c. മൂക്ക്  d. വൃക്ക
21. ഇന്ത്യയുടെ ഔദ്യോഗിക ഭാഷകൾ
   a. ഹിന്ദിയും ഉറുദുവും  b. ഇംഗ്ലീഷും തമിഴും
   c. ഹിന്ദിയും ഇംഗ്ലീഷും  d. ഹിന്ദുസ്ഥാനിയും ഹിന്ദിയും
22. മലയാളസർവകലാശാല സ്ഥാപിതമായ വർഷം?
   a. 2010  b. 2011
   c. 2012  d. 2013
23. പുസ്തകങ്ങൾ എന്ന പദത്തിലെ കൾ എന്ന പ്രത്യയം സൂചിപ്പിക്കുന്നതെന്താണ്?
   a. വിഭക്തി  b. ഉപസർഗം
   c. ബഹുവചനം  d. പദം
24. ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ എത്ര ഭാഷകളുണ്ട്?
   a. 20  b. 32
   c. 22  d. 14
25. Familiarity breeds contempt എന്നതിന് സമാനമായ മലയാളത്തിലെ പഴഞ്ചൊല്ലേത്?
   a. വിത്താഴം ചെന്നാൽ പത്തായം നിറയും.  b. ആനവായിൽ അമ്പഴങ്ങ.
   c. മുളയിലറിയാം വിള.  d. മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.